بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 08.12.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## തിരുനബി ചരിത്രം: ഉഹ്ദിലേക്കുള്ള സൈനികനീക്കം

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِکِ يَوۡمِ الدِّيۡنِ ○ اِيَّاکَ
نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

കഴിഞ്ഞ ഖുത്ബയിൽ ഉഹ്ദ് യുദ്ധത്തെക്കുറിച്ചായിരുന്നു പരാമർശിച്ചിരുന്നത്. ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) ഇതുമായി ബന്ധപ്പെട്ട് എന്താണ് പറഞ്ഞതെന്ന് ഞാൻ ചുരുക്കമായി വിവരിക്കുന്നതാണ്. ബദർ യുദ്ധത്തിനുശേഷം, അടുത്ത വർഷം വീണ്ടും മദീന ആക്രമിക്കുമെന്നും മുസ്‌ലിംകളോട് തോറ്റതിന് പ്രതികാരം ചെയ്യുമെന്നും പ്രഖ്യാപനം നടത്തിക്കൊണ്ടാണ് അവിശ്വാസികളുടെ സൈന്യം ബദർ മൈതാനത്തുനിന്ന് പലായനം ചെയ്തത്. തുടർന്ന് അവർ ഒരു വർഷത്തിനുശേഷം നല്ല പോലെ തയ്യാറെടുത്ത് മദീനയെ ആക്രമിച്ചു. മക്കക്കാരുടെ രോഷം എത്രത്തോളമായിരുന്നുവെന്നാൽ, ബദർ യുദ്ധത്തിനുശേഷം മരിച്ചവരെ ഓർത്ത് കരയാൻ ആരെയും അനുവദിക്കില്ലെന്നും വരാനിരിക്കുന്ന കച്ചവടസംഘങ്ങളുടെ ലാഭം അടുത്ത യുദ്ധത്തിനായി മാറ്റിവയ്ക്കുമെന്നും അവർ പ്രഖ്യാപിച്ചിരുന്നു. അങ്ങനെ വലിയ തയ്യാറെടുപ്പിനുശേഷം അബൂസുഫിയാന്റെ നേതൃത്വത്തിൽ മൂവായിരത്തിലധികം സൈനികർ മദീനയെ ആക്രമിച്ചു.

നമ്മൾ പട്ടണത്തിൽതന്നെ നിന്നുകൊണ്ട് യുദ്ധം ചെയ്യണോ അതോ പുറത്ത് പോകണോ എന്ന് റസൂലുല്ലാഹ്(സ) തന്റെ സ്വഹാബത്തിനോട് ആലോചിച്ചു. ശത്രുവിനെ ആക്രമിക്കാൻ അനുവദിക്കുകയും അങ്ങനെ യുദ്ധത്തിന്റെ തുടക്കത്തിന് ഉത്തരവാദി അവരായിരിക്കുകയും മുസ്‌ലിംകൾക്ക് അവരുടെ വീടുകളിൽ ഇരുന്നു പോരാടുകയും ചെയ്യാം എന്നതായിരുന്നു പ്രവാചകൻ(സ) ന്റെ അഭിപ്രായം. പക്ഷേ, ബദർ യുദ്ധത്തിൽ ചേരാൻ കഴിയാതെ പോയ, ദൈവമാർഗത്തിൽ ശഹീദാകാനുള്ള ആഗ്രഹം മനസ്സിൽ ഉണ്ടായിരുന്ന മുസ്‌ലിം യുവാക്കൾ പുറത്തുപോയി യുദ്ധം ചെയ്യണമെന്നു ആഗ്രഹിച്ചിരുന്നു. ഈ അവസരത്തിൽ, തിരുനബി(സ) ഒരു സ്വപ്നം വിവരിച്ചു. അതനുസരിച്ച് ചില പശുക്കളെ അറുക്കുന്നതും അതുപോലെ തന്റെ വാളിന്റെ തല തകർന്നിരിക്കുന്നതും സുരക്ഷിതവും കരുത്തുറ്റതുമായ ഒരു കവചത്തിനുള്ളിൽ താൻ കൈ വയ്ക്കുന്ന ദൃശ്യവും ഒരു ചെമ്മരിയാടിന്റെ പുറത്ത് യാത്ര ചെയ്യുന്നതായും തിരുനബി(സ) കണ്ടു. സ്വഹാബികളുടെ ആവശ്യപ്രകാരം നബി(സ) ഈ ദൃശ്യങ്ങളെ വ്യാഖ്യാനിച്ചുകൊണ്ട് പറഞ്ഞു: എന്റെ സ്വഹാബികളിൽ ചിലർ ഈ യുദ്ധത്തിൽ രക്തസാക്ഷികളാകുമെന്നാണ് പശുക്കളെ അറുക്കുന്നതിന്റെ വ്യാഖ്യാനം. വാളിന്റെ തല പൊട്ടുന്നതിന്റെ അർത്ഥം എന്റെ പ്രിയപ്പെട്ടവരിൽ ഒരു പ്രധാന വ്യക്തി രക്തസാക്ഷിയാകുകയോ ഒരു പക്ഷേ ഈ നീക്കത്തിൽ എനിക്ക് തന്നെ പ്രയാസമുണ്ടാകുകയോ ചെയ്യും എന്നതാണ്. കവചത്തിനുള്ളിൽ കൈകൾ വയ്ക്കുന്നതിന്റെ അർത്ഥം മദീനയിൽ നമ്മൾ തങ്ങുന്നത് ഉചിതമാണ് എന്നാണ്. ചെമ്മരിയാടിന്റെ പുറത്ത് യാത്ര ചെയ്യുന്നതിന്റെ വ്യാഖ്യാനം അവിശ്വാസികളുടെ സൈന്യത്തിന്റെ നേതാവിനെ നമ്മൾ അതിജയിക്കും എന്നാണ്. മദീനയിൽ തങ്ങുന്നതാണ് നല്ലതെന്ന് ഈ സ്വപ്നത്തിൽ മുസ്‌ലിംകൾക്ക് വ്യക്തമാക്കിയിരുന്നു, എന്നാൽ സ്വപ്നത്തിന്റെ വ്യാഖ്യാനം തന്റേതായതിനാൽ അത് വെളിപാട് അനുസരിച്ച് അല്ലാതിരുന്നതിനാൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായം സ്വീകരിച്ച്കൊണ്ട് യുദ്ധത്തിന് പുറത്തേക്ക് പോകാൻ റസൂലുല്ലാഹ്(സ) തീരുമാനിച്ചു.

(മദീനക്ക്) പുറത്തുപോയി യുദ്ധം ചെയ്യാൻ തീരുമാനിച്ചപ്പോൾ, പ്രവാചകൻ(സ) സ്വഹാബികളോട് ഒരുങ്ങാൻ കൽപ്പിക്കുകയും അവിടുന്ന് സ്വയം തന്നെ യുദ്ധത്തിന് തയ്യാറെടുക്കുകയും ചെയ്തു.

ആ സമയത്ത്, ഹദ്‌റത്ത് സഅദ് ബിന്‍ മുആദും ഹദ്‌റത്ത് ഉസൈദ് ബിന്‍ ഹുദൈറും ആളുകളോട് പറഞ്ഞു: നിങ്ങള്‍ റസൂലുല്ലാഹ്(സ)നെ തന്റെ ഇഷ്ടത്തിന് വിരുദ്ധമായി പുറത്തുപോയി യുദ്ധം ചെയ്യാന്‍ നിര്‍ബന്ധിച്ചിരിക്കുന്നു. അതിനാല്‍ ഈ തീരുമാനം ഇപ്പോള്‍ അവിടുത്തേക്ക് വിടുക. അവിടുന്ന് എന്ത് തീരുമാനമെടുത്താലും അത് നമുക്ക് നല്ലതായിരിക്കും. തിരുനബി(സ) പുറത്തേക്കുവരുമ്പോള്‍ യുദ്ധവസ്ത്രം ധരിച്ചിരുന്നു. ആളുകള്‍ തങ്ങളുടെ നിവേദനം നബി(സ)യുടെ സന്നിധിയില്‍ അവതരിപ്പിച്ചപ്പോള്‍ തിരുനബി(സ) പറഞ്ഞു: ആയുധം ധരിച്ചുകഴിഞ്ഞാല്‍, അല്ലാഹു അവന്റെയും അവന്റെ ശത്രുക്കള്‍ക്കും ഇടയില്‍ തീരുമാനമാക്കുന്നതുവരെ ആയുധം താഴെ വെക്കുകയെന്നത് നബിക്ക് അനുവദനീയമല്ല.

തിരുനബി(സ) സ്വഹാബികളോടൊപ്പം പോകുമ്പോള്‍ മൂന്ന് കുന്തങ്ങള്‍ വാങ്ങുകയും അവയില്‍ മൂന്ന് പതാകകള്‍ കെട്ടുകയും ചെയ്തു. ഔസ് ഗോത്രത്തിന്റെ പതാക ഉസൈദ് ബിന്‍ ഹുദൈര്‍(റ)നും ഖസ്‌റജ് ഗോത്രത്തിന്റെ പതാക അഹ്ബാബ് ബിന്‍ മുന്‍ദര്‍(റ)നും മുഹാജിറുകളുടെ പതാക ഹദ്‌റത്ത് അലി(റ)നും നല്‍കി. മദീനയില്‍ അവശേഷിക്കുന്ന ജനങ്ങളെ നമസ്‌കരിപ്പിക്കാന്‍ ഇബ്‌നു ഉമ്മു മക്തൂമിനെ തന്റെ പ്രതിനിധി ആയി നിയമിച്ചു. മുസ്‌ലിംകളുടെ സൈന്യത്തില്‍ രണ്ട് കുതിരകളും 100 പടചട്ട ധരിച്ചവരും ഉണ്ടായിരുന്നു.

വഴിയില്‍വെച്ച് ഒരു യഹൂദസംഘം മുസ്‌ലിംകളുടെ ഭാഗത്തുനിന്ന് യുദ്ധത്തില്‍ പങ്കെടുക്കുന്നതിനായി വന്നപ്പോള്‍ തിരുനബി(സ) അവിശ്വാസികള്‍ക്കെതിരില്‍ ജൂതന്മാരുടെ സഹായം തേടാന്‍ വിസമ്മതിക്കുകയും യുദ്ധത്തില്‍ പങ്കെടുക്കുന്നതില്‍ നിന്ന് അവരെ തടയുകയും ചെയ്തു. അതുപോലെ പതിനഞ്ച് വയസ്സിന് താഴെയുള്ള ആണ്‍കുട്ടികളെ യുദ്ധത്തില്‍ പങ്കെടുക്കുന്നതില്‍നിന്ന് തിരുനബി(സ) വിലക്കുകയും അവരെ തിരിച്ചയക്കുകയും ചെയ്തു.

ഇസ്‌ലാമിക സൈന്യം രാത്രി തങ്ങിയപ്പോള്‍, മുഹമ്മദ് ബിന്‍ മസ്‌ലമയുടെ നേതൃത്വത്തില്‍ തിരുനബി(സ) അമ്പത് സൈനികരെ നിയോഗിച്ചു, അവര്‍ രാത്രി മുഴുവന്‍ മുസ്‌ലിം സൈന്യത്തിനു ചുറ്റും കാവല്‍ നിന്നു.

അബ്ദുല്ലാഹ് ബിന്‍ ഉബയ്യ് ബിന്‍ സുലൂല്‍ ആദ്യം കൂടെ വന്നിരുന്നുവെങ്കിലും വഴിയില്‍വെച്ചു തിരിച്ച് പോയിരുന്നു. അതിന്റെ വിശദീകരണത്തില്‍ എഴുതിയിരിക്കുന്നത്, ഇടയത്താഴ സമയത്ത് തിരുനബി(സ) ശേഖൈന്‍ എന്ന സ്ഥലത്തുനിന്ന് പുറപ്പെട്ടു. മദീനക്കും ഉഹ്ദിനും ഇടയിലുള്ള ശുവത്ത് എന്ന ഒരു സ്ഥലത്ത് നമസ്‌കാര സമയത്ത് എത്തിയപ്പോള്‍ അവിടെവെച്ച് ഫജ്ര്‍ നമസ്‌കരിച്ചു. കനാ താഴ്‌വരക്കും മദീനയ്ക്കും ഇടയിലുള്ള സ്ഥലമായ ശുവത്തില്‍വെച്ച് അബ്ദുല്ലാഹിബ്‌നു ഉബയ്യ് ബിന്‍ സുലൂല്‍ തന്റെ ഒപ്പമുള്ള കപടവിശ്വാസികളോടൊപ്പം തിരുനബി(സ)ന്റെ പക്ഷംവിട്ട് മടങ്ങി. മടങ്ങുമ്പോള്‍ അബ്ദുല്ലാഹിബ്‌നു ഉബയ്യ് പറഞ്ഞു: നിങ്ങള്‍ ഞാന്‍ പറയുന്നത് കേട്ടില്ല. കുട്ടികള്‍ പറഞ്ഞതാണ് കേട്ടത്. നമ്മള്‍ എന്തിന് നമ്മുടെ ജീവന്‍ നല്‍കണം? കപടവിശ്വാസികള്‍ അബ്ദുല്ലാഹിബ്‌നു ഉബയ്യിനോടൊപ്പം മടങ്ങിയശേഷം, തിരുനബി(സ)യുടെ കൂടെയുള്ളവരുടെ എണ്ണം എഴുന്നൂറായി കുറഞ്ഞു. ഈ അവസരത്തില്‍ അന്‍സാറുകള്‍ തിരുനബി(സ)യോട് ചോദിച്ചു: നമ്മുടെ സഖ്യകക്ഷികളും പിന്തുണക്കാരുമായ മദീനയിലെ ജൂതന്മാരോട് എന്തുകൊണ്ട് സഹായം തേടിക്കൂടാ. നമുക്ക് അവരുടെ സഹായം ആവശ്യമില്ലെന്ന് തിരുനബി(സ) പറഞ്ഞു.

തിരുനബി(സ) പ്രഭാത നമസ്‌കാരത്തിന്‌ശേഷം സ്വഹാബികളോട് വിശദമായ ഒരു പ്രഭാഷണം നടത്തിയതില്‍ മതം എങ്ങനെ ആചരിക്കണം എന്നതിനെക്കുറിച്ചുള്ള ഒരു സമ്പൂര്‍ണ്ണ പ്രവര്‍ത്തന പദ്ധതി ഉണ്ടായിരുന്നു. ബനൂ തഹാമ ഗോത്രവും ബനൂ കിനാന ഗോത്രവും ഈ യുദ്ധത്തില്‍ ഖുറൈശികളോടൊപ്പം ചേര്‍ന്നു. അങ്ങനെ അവിശ്വാസികളുടെ സൈന്യത്തിന്റെ എണ്ണം മൂവായിരത്തില്‍ എത്തി. സത്യനിഷേധികളുടെ മുഴുവന്‍ സൈന്യവും ആയുധധാരികളായിരുന്നു. ഈ യുദ്ധത്തിന്റെ വിശദാംശങ്ങള്‍ പിന്നീട് വിശദീകരിക്കുന്നതാണ്.

തുടര്‍ന്ന് ഹുസൂര്‍ അന്‍വര്‍ പറഞ്ഞു: ഞാന്‍ പലസ്തീനികള്‍ക്കുവേണ്ടി പ്രാര്‍ത്ഥിക്കാന്‍ പറയുകയാണ്. പ്രാര്‍ത്ഥിച്ചുകൊണ്ടേയിരിക്കുക. കഴിഞ്ഞ കുറച്ച് ദിവസങ്ങളില്‍ വെടിനിര്‍ത്തല്‍ അവസാനിച്ചതിന്‌ശേഷം, ചിന്തിച്ചതുപോലെ തന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നു; ഇസ്‌റയേല്‍ ഗവണ്‍മെന്റ് ഗസ്സയിലെ എല്ലാ മേഖലകളിലും മുമ്പത്തേക്കാള്‍ തീവ്രതയോടെ ബോംബെറിഞ്ഞ് ആക്രമിച്ചുകൊണ്ടിരിക്കുന്നു. തുടര്‍ന്ന് നിരപരാധികളായ കുട്ടികളും സാധാരണക്കാരും ശഹീദാകുന്നു. ഇപ്പോഴിതാ, ഈ നടപടിക്കെതിരെ, ജൂതന്‍ ആണെന്നു തോന്നുന്ന ഒരു അമേരിക്കന്‍ കോണ്‍ഗ്രസ്സ് പ്രതിനിധിപോലും ഇത് ഒരുപാട് ആയിരിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നു. ഇത് തടയുന്ന കാര്യത്തില്‍ അമേരിക്ക അതിന്റെ പങ്ക് വഹിക്കണം.

ഉത്തര ദക്ഷിണ ഭാഗങ്ങളിൽ ഒരേപോലെ തുടർന്നുകൊണ്ടിരിക്കുന്ന ഈ ഷെല്ലാക്രമണം അവസാനിപ്പിക്കണമെന്ന് അമേരിക്കൻ പ്രസിഡന്റും ഇപ്പോൾ പതിഞ്ഞ വാക്കുകളിൽ പ്രസ്താവന നടത്തിക്കൊണ്ടിരിക്കുകയാണ്. വടക്കുഭാഗത്ത് പോയാൽ ഒന്നും സംഭവിക്കില്ല എന്നാണ് ഇവർ ആദ്യം പറഞ്ഞിരുന്നത്. ഇപ്പോൾ അവിടെയും അങ്ങനെ തന്നെയാണ് അവസ്ഥ.

എന്നിരുന്നാലും, അമേരിക്കൻ പ്രസിഡന്റിന്റെ ഈ വാക്കുകൾ ഒരു മാനുഷിക സഹതാപം മൂലമല്ല. നമ്മൾ തെറ്റിദ്ധാരണയ്ക്ക് വിധേയരാകരുത്; മറിച്ച് അത് അദ്ദേഹത്തിന്റെ സ്വന്തം താൽപര്യം കൊണ്ടാണ്. അത് തന്റെ വോട്ട് നേടാനാണ് ഇതൊക്കെ ചെയ്യുന്നത്. അവർക്ക് ഫലസ്തീനികളോടും മുസ്‌ലിംകളോടും ഒരു സഹതാപവുമില്ല.

പിന്നെ മുസ്‌ലിം രാജ്യങ്ങളുണ്ട്, അവരുടെ ശബ്ദം ഉയർന്നുവരുന്നുണ്ട്; പക്ഷേ അവർ ഒന്നിച്ച് യുദ്ധസമാപ്തിക്കായി ശ്രമിക്കുന്നതുവരെ ഒരു പ്രയോജനവുമില്ല. അല്ലാഹു മുസ്‌ലിംകൾക്കിടയിലും ഐക്യം സൃഷ്ടിക്കുമാറാകട്ടെ. മുസ്‌ലിംകൾക്കിടയിൽ ഐക്യമില്ലെന്നും മറിച്ച് മുസ്‌ലിംകൾ മുസ്‌ലിംകളെ കൊല്ലാൻ തുനിയുന്നുവെന്നും അമുസ്‌ലിം ലോകത്തിന് അറിയാം. യെമനിൽ എന്തെല്ലാമാണ് സംഭവിക്കുന്നത്? അതുപോലെ മറ്റ് മുസ്‌ലിം രാജ്യങ്ങളുമുണ്ട്. ആയിരക്കണക്കിന്, ചില സ്ഥലങ്ങളിൽ ലക്ഷക്കണക്കിന് കുട്ടികളും നിരപരാധികളും മുസ്‌ലിംകളുടെ കൈകളാൽ മരിക്കുന്നു. ഇതാണ് അന്യർക്ക് ധൈര്യം പകരുന്നത്. അവർക്കുമേൽ അക്രമം ചെയ്താൽ ഒന്നും വരില്ല, കാരണം അവർ സ്വയം അവർക്കുമേൽ അക്രമം ചെയ്യുന്നവരാണ്. മുസ്‌ലിമിന് ഒരു മുസ്‌ലിമിന്റെ ജീവനെക്കുറിച്ച് ആശങ്കയില്ലാത്തപ്പോൾ, ശത്രുക്കൾ എന്തിന് വേവലാതിപ്പെടണം? ഒരു മുസ്‌ലിമിനെ വധിച്ചാൽ മുസ്‌ലിമിന് നൽകുന്ന താക്കീത്, അവർ നരകത്തിലായിരിക്കുമെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ വളരെ ശക്തമായ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മുസ്‌ലിംകൾ ഒന്നിച്ച്നിന്ന് ലോകത്തിൽനിന്ന് അക്രമം വർദ്ധിപ്പിക്കാതെ അതിനെ ഇല്ലാതാക്കാനുള്ള മാർഗമാകാൻ അല്ലാഹു സഹായിക്കട്ടെ.

UNO അവരുടെ ശബ്ദം ഉയർത്താൻ ശ്രമിക്കുന്നുണ്ട്; പക്ഷേ അവരുടെ ശബ്ദം ആര് കേൾക്കാനാണ്? ഞങ്ങൾ അത് ചെയ്യും, ഇത് ചെയ്യും എന്നൊക്കെ പറയുന്നു. പക്ഷേ അവർക്ക് ഒന്നും ചെയ്യാൻ കഴിയില്ല. അവരുടെ കാര്യങ്ങളെ അംഗീകരിക്കുന്നവർ ആരുംതന്നെയില്ല. വൻശക്തികൾ അവരുടെ അവകാശം ദുരുപയോഗം ചെയ്യുന്നു. അല്ലാഹു മുസ്‌ലിംകളോട് കരുണ കാണിക്കട്ടെ. എങ്കിലും, ഈ അക്രമം തടയാനും അവസാനിപ്പിക്കാനും ശബ്ദമുയർത്താൻ പ്രാർഥനയോടുകൂടി നമ്മുടെ സുഹൃദ് വലയത്തോടും നമ്മുടെ ജമാഅത്തിലെ രാഷ്ട്രീയക്കാരോടും നിരന്തരം പറഞ്ഞുകൊണ്ടിരിക്കണമെന്ന് ജമാഅത്തുകൾ വഴി ഞാൻ ഇതിനകം സന്ദേശം അയച്ചിട്ടുണ്ട്. അതുപോലെ ഈ ക്രൂരത അവസാനിപ്പിക്കാൻ നമുക്ക് ശ്രമിക്കണം എന്ന കാര്യം നമ്മുടെ പ്രദേശത്ത് വ്യാപിപ്പിക്കേണ്ടതാണ്. അല്ലാഹു നിരപരാധികളെ അക്രമത്തിൽനിന്ന് സംരക്ഷിക്കട്ടെ.

ഹോളണ്ടിലെ മുബല്ലിഗ് ആയിരുന്ന മൗലാനാ അബ്ദുൾ ഹക്കീം അക്മൽ സാഹിബിന്റെ ഭാര്യ മസൂദ ബീഗം സാഹിബയേയും തഅ്‌ലീമുൽ ഇസ്‌ലാം ഹൈസ്കൂളിലെ, ജീവിതം വഖ്ഫ് ചെയ്ത അധ്യാപകനായ മാസ്റ്റർ അബ്ദുൽ മജീദ് സാഹിബിനേയും അനുസ്മരിക്കുകയും അവരുടെ ജമാഅത്തീ സേവനങ്ങളെ പരാമർശിക്കുകയും ചെയ്തുകൊണ്ട് ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുണ്ടായി. അവരുടെ മഗ്ഫിറത്തിനും ഉന്നത സ്ഥാനത്തിനും വേണ്ടി ഹുസൂർ തിരുമനസ്സ് ദുആ ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 08.12.2023
Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516